(ഡി) ജനകീയ പങ്കാളിത്തത്തോടെയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വൈവിധ്യമുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെയും നാടൻ കലാമേള കൂടുതൽ ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2010-11 വർഷം മൂന്ന് ജില്ലകളിൽകൂടി മേള നടത്താനുദ്ദേശിക്കുന്നു.

വനാവകാശ നിയമം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ

118 (5523) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികൾക്കായുള്ള വനാവകാശ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) വനാവകാശ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

(സി) വനാവകാശ നിയമം നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റികളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ആദിവാസി കോളനികളിൽ തുടർച്ചയായി പകർച്ചവ്യാധികളും പോഷക ആഹാര കുറവുമായി ബന്ധപ്പെട്ട രോഗങ്ങളും റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ആദിവാസി കോളനികളിൽ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ), പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, സർവ്വേ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു നോഡൽ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കാസർഗോഡ് ജില്ലകളൊഴികെ മറ്റ് 12 ജില്ലകളിൽ ജില്ലാതല കമ്മിറ്റികളും 14 സബ്ഡിവിഷണൽ കമ്മിറ്റികളും 511 വനാവകാശ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. റവന്യൂ, സർവ്വേ, വനം, പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ നിയമം നടപ്പിലക്കുന്നതിന് വയനാട്, പാലക്കാട്,

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി, തിരുവനന്തപുരം ജില്ലകളിലേക്കായി റവന്യൂ വകുപ്പിൽ 4 ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം ഭൂമി അനുവദിക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി യിട്ടുണ്ട്. വനാവകാശ നിയമം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന തിനും നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ അവബോധമുണ്ടാക്കുന്ന തിനും ആകാശവാണിയിലൂടെ ലഘുപ്രക്ഷേപണം നടത്തുകയും ഒരു ചലച്ചിത്രം നിർമ്മിക്കുകയും ചെയ്തു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, പട്ടികവർഗ്ഗ പ്രമോട്ടർമാർ, വനാവകാശ കമ്മിറ്റി അംഗങ്ങൾ, ഊരുമൂപ്പൻമാർ എന്നിവർക്ക് കിർത്താർഡ്സ്, 'കില' എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി.

(ബി) 2005 ഡിസംബർ 13-നോ അതിനുമുമ്പോ വനഭൂമി കൈവശം വച്ചിട്ടുള്ള ആദിവാസികൾക്ക് ഭൂമിയുടെ അവകാശം അനുവദിച്ച് രേഖകൾ നൽകുക എന്നുള്ളതാണ് വനാവകാശ നിയമം കൊണ്ടുദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ ഗോത്രങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശ ങ്ങൾ അംഗീകരിക്കൽ) ആക്ട് 2006-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആലപ്പുഴ, കാസർഗോഡ് ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചില പട്ടികവർഗ്ഗ കോളനികളിൽ മഴക്കാലത്തും കുടിവെള്ളത്തിന് ദൗർലഭ്യം നേരിടുന്ന അവസരങ്ങളിലും പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(എഫ്) പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് ഒഴിവാക്കാൻ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അലോപ്പതി/ആയുർവേദ മെഡിക്കൽ യൂണിറ്റുകളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം

119 (5524) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി./എസ്. ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി കോഴ്സുകൾക്കും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കും നൽകി വരുന്ന വിദ്യാഭ്യാസ ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ; ഇതിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly